റീജിയണൽ ക്യാൻസർ സെന്റർ

52 (2326) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കാൻസർ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ എന്ന് അറിയിക്കുമോ;

(ബി) എത്ര രൂപയാണ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആർ.സി.സി. ക്യാമ്പസിനോട് ചേർന്ന് നൂറ് സെന്റ് സ്ഥലത്തിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്

(ബി) 187.22 കോടി രൂപ.

(സി) ആവശ്യമായ എല്ലാ അനുമതികൾക്കുശേഷം മുപ്പത്തിയാറ് മാസമാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാനായി ലക്ഷ്യമിട്ടിരിക്കുന്നത്.

പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ

53 (2327) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ മേഖലയിലെ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ജനങ്ങളുടെയും, ആശുപത്രികളുടെയും എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് അധികമായി ആവശ്യമുള്ളതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും പാലക്കാട് ഡി.എം.ഒ.യും സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളത്; ഇവ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രികൾക്കും ജനങ്ങൾക്കും ആനുപാതികമായി ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലാബ് ടെക്നീഷ്യൻ ഗ്രേഡ് - I - 38

ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II - 42

(ബി) ജനങ്ങളുടെയും ആശുപത്രികളുടെയും എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ നിലവിലില്ല.

(സി&ഡി) പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II-ന്റെ 65 തസ്തികകൾ അടക്കം സംസ്ഥാനത്തൊട്ടാകെ ലാബ് ടെക്നീഷ്യൻമാരുടെ 667 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ഡയാലിസിസ് യൂണിറ്റുകൾ

54 (2328) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്കാശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4427/2011/ ആ.ക.വ. തീയതി 23-2-2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയും സാധന സാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും 400 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ കെ.എച്ച്.ആർ. ഡബ്ല്യു.എസ്. ആണ്

LIBRARY ARCHIVES Kerala Legislative Assembly